**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3743** **27-10-2021 - ൽ മറുപടിയ്ക്ക്**

**എൻ എച്ച് 766 ലെ രാത്രിയാത്രാനിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | എൻ എച്ച് 766 ലെ രാത്രിയാത്രാനിരോധനം പിൻവലിക്കാൻ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | രാത്രികാല യാത്രാനിരോധനം നീക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കർണ്ണാടക ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഹർജിയിൽ സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സി-യും കക്ഷി ചേർന്നുവെങ്കിലും നിരോധനം ശരി വയ്ക്കുകയായിരുന്നു. തുടർന്ന് ഈ വിധിക്കെതിരെ 2010-ൽ ബഹു. സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു. ഇത് ഇപ്പോഴും ബഹു. കോടതിയുടെ പരിഗണനയിലാണ്. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിന് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇതിനായി ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ ഈ തുകയുടെ 50% വഹിക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും 2019-20-ലെ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർക്കുകയുണ്ടായി. തുടർന്ന് ബഹു. സുപ്രീം കോടതി കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഉത്തരവിട്ടു. ഈ കമ്മിറ്റി നിലവിലുള്ള യാത്രാ നിരോധനം തുടരുന്നതിന് സംസ്ഥാന പാത 90-ഉം ദേശീയപാത 275-ഉം സംയോജിപ്പിച്ച് പുതിയ ദേശീയപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചു. ഇതിന്മേൽ ബഹു. സുപ്രീംകോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. ബദൽ പാത നിർമ്മിക്കുന്നതിലുള്ള വിയോജിപ്പ് സംസ്ഥാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. എലിവേറ്റഡ് |

| | | | |
|---|---|---|---|
| | | | ഹൈവേ നിർമ്മിക്കുന്നതുൾപ്പടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. ഈ ആവശ്യം ബഹു. സുപ്രീംകോടതിയിലും സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്. രാത്രിയാത്രാ നിരോധനം നീക്കണമെന്നാവശ്യപ്പെട്ട് 2019 നവംബർ 8-ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കാൻ കർണാടക സർക്കാരുമായി ചർച്ച നടത്തുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ; | (ബി) | കർണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്താൻ ഗതാഗത വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | എൻ എച്ച് 766 മായി ബന്ധപ്പെട്ട് നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | രാത്രി യാത്രാ നിരോധനവുമായി ബന്ധപ്പെട്ട് നാറ്റ് പാക് 2014 ൽ നടത്തിയ പഠന റിപ്പോർട്ടിൽ ബദൽപാത സംബന്ധിച്ച നിർദ്ദേശങ്ങളാണ് പ്രധാനമായും നൽകിയിരുന്നത്. എന്നാൽ ബദൽപാത പ്രായോഗികമല്ലാത്തതിനാൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന കാര്യം പരിഗണിയ്ക്കണമെന്നതാണ് സർക്കാർ നിലപാട്. |
| (ഡി) | രാത്രിയാത്രാ നിരോധനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി കേസിൽ സർക്കാരിനെ പ്രതിനിധീകരിച്ച് അഡ്വക്കേറ്റിനെ നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ